# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 279 29-06-2016-ൽ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് പദ്ധതി

| | ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | മറുപടി<br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിനുപുറത്ത് മംഗലാപുരം അടക്കമുള്ള സ്ഥലങ്ങളിലെ ആശുപത്രികൾ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കാരുണ്യ ബെനവലന്റ് പദ്ധതിയിൽ രോഗികൾ അടച്ച തുക തിരിച്ച് കിട്ടുന്നതിനും ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് തുക ലഭിക്കുന്നതിനും വളരെയേറെ കാലതാമസം വരുന്നതൊഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | റീ ഇംബേഴ്സ്മെന്റിനായുള്ള അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിലുണ്ടാകുന്ന കാലതാമസവും അനുവദിക്കപ്പെട്ട തുകയിൽ ആശുപത്രിയിലെ ചികിത്സാ ചെലവ് കഴിഞ്ഞ് ബാക്കിയുള്ള തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽ തിരികെ ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസവുമാണ് റീ- ഇംപേഴ്സ്മെന്റ് തുക നൽകാൻ കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. കാരുണ്യബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഡയാലിസിസിനായി ധനസഹായത്തിന് അപേക്ഷിക്കുന്ന രോഗികളുടെ ഡയാലിസിസ് ടൈം ഷെഡ്യൂൾ ആശുപത്രികളിലേയ്ക്ക് അയച്ചു കൊടുക്കുകയും ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രം തുക ആശുപത്രികളിലേയ്ക്ക് നൽകുകയും ചെയ്തു വരുന്നു. ഈ പ്രോസ്സസിംഗിന്റെ കാലതാമസം മാത്രമേ ഡയാലിസിസ് സംബന്ധമായി വരുന്നുള്ളു. |

| | | | |
|---|---|---|---|
| (സി) | ഏതുമാസം മുതലുള്ള തുകയാണ് റീഫണ്ട് നൽകുവാൻ ബാക്കിയുള്ളതെന്ന റിയിക്കാമോ; വിശദാംശം നൽകുമോ ? | (സി) | 2015 ജൂലായ് മാസത്തിനു ശേഷമുള്ള അപേക്ഷകളിൽ , ഗവൺമെന്റ് മെഡിക്കൽ കോളേജ് ഒഴികെയുള്ള ആശുപത്രികളിലെ അപേക്ഷകളിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്. |

Jeyanth

**സെക്ഷൻ ഓഫീസർ.**